**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1226** **14-03-2022 - ൽ മറുപടിയ്ക്ക്**

**പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) | റസ്റ്റ് ഹൗസുകളുടെ പ്രവർത്തനം നവീകരിക്കുന്നതിന്റെ ഭാഗമായി ടൂറിസം മേഖലയിലെ സാദ്ധ്യത കണക്കിലെടുത്ത് സ്ഥല സൗകര്യമുള്ള തെരഞ്ഞെടുക്കപ്പെട്ട റസ്റ്റ് ഹൗസുകളെ പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കെ.റ്റി.ഡി.സി മാനേജിംഗ് ഡയറക്ടറെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. നവീകരണത്തിനുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കിവരുന്നു. റസ്റ്റ് ഹൗസുകളിൽ നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ടൂറിസം വികസനത്തിന് അനുയോജ്യമാകും വിധം കുറഞ്ഞ ചെലവിൽ നവീകരിച്ച് പരിപാലിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. ഇതിലൂടെ റസ്റ്റ് ഹൗസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സാധിക്കുന്നതാണ്. കൂടാതെ വരുമാന വർദ്ധനവും ലക്ഷ്യമിടുന്നു. നിലവിലുള്ള റസ്റ്റ് ഹൗസുകളുടെ തൽസ്ഥിതി പരിശോധിക്കുന്നതിനും വൃത്തിഹീനമായിക്കിടക്കുന്നവ വൃത്തിയായി മോടിപിടിപ്പിച്ച് ജനങ്ങളെ കൂടുതൽ ആകർഷിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. റസ്റ്റ് ഹൗസുകളുടെ പ്രയോജനം കൂടുതലായി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന്റെ ഭാഗമായി എല്ലാ റസ്റ്റ് ഹൗസുകളിലും ഓൺലൈൻ ബുക്കിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ഓൺലൈൻ ബുക്കിംഗ് അനുവദിച്ച ശേഷം പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസുകളിൽ വരുമാനം വർദ്ധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | (ബി) | ഓൺലൈൻ ബുക്കിംഗ് അനുവദിച്ചശേഷം പി.ഡബ്ല്യൂഡി റസ്റ്റ് ഹൗസുകളിൽ ഗണ്യമായ രീതിയിൽ വരുമാനം വർദ്ധിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## റസ്റ്റ് ഹൗസുകളിലെ വരുമാനത്തിന്റെ വിവരങ്ങൾ

| District | Income in Rs. 01/11/2020 -28/2/2021 | Income in Rs. 01/11/2021 -28/2/2022 |
|---|---|---|
| Thiruvananthapuram | 1,17,325/-<br>(Lock down period) | 19,18,166/ |
| Kollam | 1,96,736/- | 11,42,319/- |
| Pathanamthitta | 1,61,080/- | 5,96,499/- |
| Alappuzha | 2,10,227/- | 5,45,669/- |
| Kottayam | 1,74,325/- | 9,93,246/- |
| ldukki | 2,18,905/- | 7,03,092/- |
| Ernakulam | 9,69,451/- | 18,18,075/ |
| Thrissur | 6,14,830/- | 16,47,842/- |
| Palakkad | 4,30,895/- | 10,59,921/- |
| Malappuram | 3,56,026/- | 7,72,550/- |
| Kozhikode | 3,08,085/- | 4,83,643/- |
| Wayanad | 2,60,721/- | 5,72,175/ |
| Kannur | 1,45,391/- | 8,46,465/- |
| Kasargod | 1,63,989/- | 3,35,337/- |

**സെക്ഷൻ ഓഫീസർ**